ഉത്തരം

20-6-2003-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4170/03/പൊ.ഭ.വ. പ്രകാരം ഭരണ നവീകരണ പരിപാടിയുടെ വിഷയാധിഷ്ഠിത രൂപരേഖ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അവ പൊതു ചർച്ചകൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർവ്വീസ് സംഘടനകളുമായും ചർച്ചകൾ നടത്തുന്നതാണ്. പൊതു ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും ഈ പരിപാടിയുടെ വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കുന്നത്.

വിവിധ വകുപ്പുകളിൽ 600 രൂപ പ്രതിമാസവേതനം പറ്റുന്ന കാഷ്വൽ സ്വീപ്പർമാർ

42 (4477) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലായി 600 രൂപ പ്രതിമാസവേതനം പറ്റുന്ന എത്ര കാഷ്വൽ സ്വീപ്പർമാരാണ് ഇപ്പോഴുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് തുല്യജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാരുടെ വേതനം നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശമുണ്ടായിട്ടുണ്ടോ ;

(സി) മുഴുവൻ കാഷ്വൽ സ്വീപ്പർമാരേയും പാർട്ട് ടൈം ജീവനക്കാരാക്കി മാറ്റുന്നതിനുദ്ദേശമുണ്ടോ ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് സംവിധാനത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റം

43 (4478) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത് നിൽനിൽക്കുന്ന പോലീസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കുറ്റാന്വേഷണ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സ്റ്റേഷനുകളിൽ ക്രൈം, ലാ ആന്റ് ഓർഡർ എന്നിവ രണ്ട് വിഭാഗങ്ങളായി പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ തീരുമാനം നടപ്പാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) കുറ്റാന്വേഷണ വിഭാഗത്തിനായി പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം സിറ്റിയിലെ 17 പോലീസ് സ്റ്റേഷനുകളിൽ ക്രൈം ഇൻവെസ്റ്റിഗേഷൻ, ക്രമസമാധാനപാലനം എന്നിവ ഓരോ എസ്.ഐ.-മാരുടെ ചുമതലയിൽ രണ്ടുവിഭാഗങ്ങളിലായി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.

(ബി) പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രോപ്പർട്ടി ഒഫൻസിന്റെ അന്വേഷണത്തിനുമാത്രമായി തിരുവനന്തപുരം സിറ്റി ജില്ലയിലെ 17 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്രൈം ബ്യൂറോ വിഭാഗം പ്രവർത്തിച്ചുവരുന്നു.

(സി&ഡി) പോലീസ് സ്റ്റേഷനുകളിൽ ക്രൈം, ലാ ആന്റ് ഓർഡർ എന്നിവ രണ്ടു വിഭാഗമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇവ നടപ്പിലാക്കിയിട്ടുണ്ട്. വിജയമെന്നുകണ്ടാൽ കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽകൂടി വ്യാപിപ്പിക്കുന്നതാണ്.

(ഇ) കുറ്റാന്വേഷണ വിഭാഗത്തിൽ പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ നിലവിലില്ല.

കലാലയ രാഷ്ട്രീയം നിയന്ത്രിക്കാനും പരിഷ്ക്കരിക്കാനും നടപടി

44 (4479) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാലയ രാഷ്ട്രീയം നിയന്ത്രിക്കാനും പരിഷ്ക്കരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കലാലയ രാഷ്ട്രീയം നിരോധിക്കാൻ ഉദ്ദേശമില്ല. എന്നാൽ നിലവിലുള്ള കോളേജ് ഇലക്ഷൻ രീതി പാർലമെന്ററി മാതൃകയിൽ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly